प्रेस प्रकाशनी പ്രസ്സ് റിലീസ്

भारतीय रिज़र्व बैंक
റിസർവ് ബാങ്ക് ഓഫ് ഇന്ത്യ

वेबसाइट : www.rbi.org.in/hindi
**വെബ്സൈറ്റ്** : www.rbi.org.in

ई-मेल/ **ഇമെയിൽ :** helpdoc@rbi.org.in

**संचार विभाग,** केंद्रीय कार्यालय, शहीद भगत सिंह मार्ग, फोर्ट, मुंबई - 400 001
ആശയവിനിമയ വകുപ്പ്, **കേന്ദ്ര ഓഫീസ്** , **ഷാഹിദ് ഭഗത് സിംഗ് മാർഗ്, ഫോർട്ട്, മുംബൈ**- 400 001 फोन/ഫോൺ : 022 - 2266 0502

Azadi Ka Amrit Mahotsav

മെയ് 22, 2023

## തമിഴ്നാട്ടിലെ ചെന്നെയിലുള്ള M/s ശ്രേഷ്ഠ ഫിൻവെസ്റ്റ് ലിമിറ്റഡിന് ഭാരതീയ റിസർവ് ബാങ്ക് സാമ്പത്തിക പിഴ ചുമത്തിയിരിക്കുന്നു

നോൺ-ബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനികളുടെ (എൻബിഎഫ്സി) ഏറ്റെടുക്കൽ / നിയന്ത്രണം കൈമാറ്റം ചെയ്യുന്ന സന്ദർഭങ്ങളിൽ ഭാരതീയ റിസർവ് ബാങ്ക് (ആർബിഐ) - ൽ നിന്ന് മുൻകൂർ അനുമതി നേടേണ്ടതിന്റെ ആവശ്യകത - നോൺ-ബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനി – വ്യവസ്ഥാപിതം അല്ലാത്ത പ്രാധാന്യമുള്ള നിക്ഷേപങ്ങൾ സ്വീകരിയ്ക്കാത്ത കമ്പനികൾക്ക് ബാധകമായതുമായി ബന്ധപ്പെട്ട് റിസർവ് ബാങ്ക് പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കാത്തതിന്, തമിഴ്നാട്ടിലെ ചെന്നൈയിലെ M/s ശ്രേഷ്ഠ ഫിൻവെസ്റ്റ് ലിമിറ്റഡിന് (കമ്പനി), റിസർവ് ബാങ്ക്, 2023 മെയ് 18 ലെ ഉത്തരവിലൂടെ ₹2.00 ലക്ഷം (രണ്ട് ലക്ഷം രൂപ മാത്രം) പിഴ ചുമത്തിയിരിയ്ക്കുന്നു. റിസർവ് ബാങ്ക് പുറപ്പെടുവിച്ചിട്ടുള്ള മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കുന്നതിലെ കമ്പനിയുടെ പരാജയം കണക്കിലെടുത്ത്, 1934 ലെ ഭാരതീയ റിസർവ് ബാങ്ക് ആക്ടിന്റെ വകുപ്പ് 58 ജി (ബി) (1) ഒപ്പം വകുപ്പ് 58 ബി (5) (എ എ) പ്രകാരം നൽകിയിട്ടുള്ള അധികാരങ്ങൾ ഉപയോഗിച്ചാണ് ഈ പിഴ ചുമത്തിയിരിക്കുന്നത്.

ഈ നടപടി, നിയമം വ്യവസ്ഥാപനം ചെയ്യുന്ന ഉത്തരവുകൾ പാലിക്കുന്നതിലെ പോരായ്മകളെ അടിസ്ഥാനമാക്കിയുള്ളതാണ്, മാത്രമല്ല, ഇത്, കമ്പനി അവരുടെ ഉപഭോക്താക്കളുമായി ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ഇടപാടിന്റെയോ കരാറിന്റെയോ സാധുതയെക്കുറിച്ചുള്ള വിധി പറയുവാൻ ഉദ്ദേശിച്ചുള്ളതല്ല.

### പശ്ചാത്തലം

ഡയറക്ടർമാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട കമ്പനിയുടെ 2022 മാർച്ച് 24 ലെ കത്ത് പരിശോധിച്ചപ്പോൾ, ഡയറക്ടർമാരെ നിയമിക്കുന്നതിന് കമ്പനി റിസർവ് ബാങ്കിന്റെ മുൻകൂർ അനുമതി നേടിയിരുന്നില്ല എന്നും ഇത്, സ്വതന്ത്ര

ഡയറക്ടർമാർ ഒഴികെയുള്ള, 30 ശതമാനത്തിലധികം ഡയറക്ടർമാരെ എൻബിഎഫ്സിയുടെ മാനേജ്മെന്റിൽ നിന്ന് മാറ്റിയതിന് കാരണമായതായും വെളിപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ, റിസർവ് ബാങ്ക് പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദിഷ്ട നിർദ്ദേശങ്ങൾ പാലിക്കാത്തതിന് പിഴ ചുമത്താതിരിക്കുന്നതിനുള്ള കാരണം കാണിക്കാൻ നിർദ്ദേശിച്ച് കമ്പനിക്ക് നോട്ടീസ് നൽകി.

മേൽപ്പറഞ്ഞ കാരണം കാണിക്കൽ നോട്ടീസിന് ബാങ്ക് എഴുതി തയ്യാറാക്കി നൽകിയ മറുപടിയും, നേരിട്ട് നൽകിയ വാക്കാലുള്ള സമർപ്പിക്കലുകളും റിസർവ് ബാങ്ക് പരിശോധിയ്ക്കുകയും മുൻപറഞ്ഞ ആരോപണങ്ങൾ സാധൂകരിക്കപ്പെട്ടതാണെന്നും ആയതിനാൽ സാമ്പത്തികപ്പിഴ ചുമത്തേണ്ടതാണ് എന്ന നിഗമനത്തിലെത്തുകയും ചെയ്തു

**(യോഗേഷ് ദയാൽ)**
ചീഫ് ജനറൽ മാനേജർ

**പ്രസ് റിലീസ്: 2023-2024/264**